# Official Spokesperson’s response to media queries on Pakistan and the FATF "Grey List"

October 21, 2022

## പാകിസ്ഥാനെയും FATF "ഗ്രേ ലിസ്റ്റിനെയും" കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഒക്ടോബർ 21, 2022

**പാകിസ്ഥാനെയും എഫ് എ ടി എഫ് "ഗ്രേ ലിസ്റ്റിനെയും" കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി, ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു:**

“പാരിസിൽ നടക്കുന്ന ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിന്റെ (എഫ്എടിഎഫ്) പ്ലീനറിയുടെ പശ്ചാത്തലത്തിൽ പാക്കിസ്ഥാനുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഞങ്ങൾ കണ്ടു.

കള്ളപ്പണം വെളുപ്പിക്കൽ (എഎംഎൽ) / കൗണ്ടർ ടെറർ ഫിനാൻസിംഗ് (സിഎഫ്ടി) എന്നിവയ്ക്കെതിരേയുള്ള സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കള്ളം പണം വെളുപ്പിക്കുന്നത് സംബന്ധിച്ചുള്ള ഏഷ്യാ പസഫിക് ഗ്രൂപ്പുമായി (എപിജി) പാകിസ്ഥാൻ പ്രവർത്തിക്കുന്നത് തുടരുമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.

എഫ് എ എഫ് ടിയുടെ സൂക്ഷ്മപരിശോധനയുടെ ഫലമായി, 26/11 ന് മുംബൈയിൽ നടന്ന മുഴുവൻ അന്താരാഷ്ട്ര സമൂഹത്തിനുമെതിരായ ആക്രമണങ്ങളുടെ ഉത്തരവാദികൾ ഉൾപ്പെടെ അറിയപ്പെടുന്ന ഭീകരർക്കെതിരെ ചില നടപടികളെടുക്കാൻ പാകിസ്ഥാൻ നിർബന്ധിതരായിരുന്നു.

അതിന്റെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ നിന്ന് പുറപ്പെടുന്ന ഭീകരതയ്ക്കെതിരെയും ഭീകരവാദത്തിന് സാമ്പത്തിക സഹായം നൽകുന്നതിനെതിരെയും പാകിസ്ഥാൻ വിശ്വസനീയവും സ്ഥിരീകരിക്കാവുന്നതും മാറ്റാനാകാത്തതും സുസ്ഥിരവുമായ നടപടി സ്വീകരിക്കുന്നത് തുടരണമെന്ന് ലോകം വ്യക്തമാകുന്നത് ആഗോള താൽപ്പര്യ പ്രകാരമാണ്.

**ന്യൂ ഡെൽഹി**
**ഒക്ടോബർ 21, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.